REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-03-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇസ്ലാംമത വിശ്വാസികൾ ചെറിയപെരുന്നാൾ ആഘോഷിക്കുന്നു. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ഈദുൽ ഫിത്വർ ആശംസകൾ നേർന്നു.**
- **ലോകത്തെ ആശുപത്രികൾ മലയാളി നഴ്സുമാരെയാണ് തേടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **കേന്ദ്ര- സംസ്ഥാന ബജറ്റുകളിൽ പ്രഖ്യാപിച്ച നിരക്കു വർദ്ധനകളും ഇളവുകളും നാളെ പ്രാബല്യത്തിൽ വരും.**
- **സംസ്ഥാനത്തെ ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിന് മുന്നിൽ മുടി മുറിച്ച് പ്രതിഷേധിച്ചു.**
- **കൊടുങ്ങല്ലൂർ ക്ഷേത്രത്തിലെ അശ്വതി കാവ് തീണ്ടൽ ഇന്ന്.**

## വാർത്തകൾ വിശദമായി

വ്രത വിശുദ്ധിയിൽ ഇസ്‌ലാം മത വിശ്വാസികൾ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുന്നു. സംസ്ഥാനമെങ്ങും ഈദ് ഗാഹുകളിലും പള്ളികളിലും വിശ്വാസികൾ പ്രത്യേക പ്രാർത്ഥനകളിൽ പങ്കുകൊണ്ടു. ഈദിന്റെ പരിശുദ്ധിയിൽ പുതുവസ്ത്രമണിഞ്ഞ് ബന്ധുവീടുകളിലും മറ്റും സുഹൃദ്സത്ക്കാരങ്ങളിൽ പങ്കുകൊള്ളുകയാണ് ഓരോ വിശ്വാസിയും.

സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുകയാണ് ചെറിയ പെരുന്നാളെന്ന് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞു. അയൽക്കാരുമായും ബന്ധുക്കളുമായും സ്നേഹവികാരങ്ങൾ പങ്കിടാനും കൂട്ടുചേരാനും പെരുന്നാൾ അവസരമൊരുക്കുന്നുവെന്ന് അദ്ദേഹം പാണക്കാട്ട് അറിയിച്ചു.

കോഴിക്കോട് ബീച്ചിൽ ഈദ്ഗാഹിന് M.അഹമ്മദ്കുട്ടി മദനി നേതൃത്വം നൽകി. KNM സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രതിജ്ഞയുടെ സംസ്ഥാനതല ഉദ്ഘാടനം ചാലിയം ഇമ്പിച്ചിഹാജി സ്കൂൾ ഗ്രൗണ്ടിലെ ഈദ് ഗാഹിൽ സംസ്ഥാന പ്രസിഡന്റ് TP അബ്ദുല്ലകോയ മദനി നിർവഹിച്ചു. ലഹരി എന്ന മഹാവിപത്തിനെതിരെ അതീവ ജാഗ്രത പുലർത്തണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

കണ്ണൂർ ജില്ലയിലെ പള്ളികളിൽ രാവിലെ പ്രാർത്ഥനാ ചടങ്ങുകൾ സംഘടിപ്പിച്ചു. നമസ്കാരത്തിനായി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ഈദ് ഗാഹുകൾ സജ്ജമാക്കിയിരുന്നു. BJP ദേശീയ ഉപാധ്യക്ഷൻ A.P അബ്ദുല്ലക്കുട്ടി കണ്ണൂർ സ്റ്റേഡിയത്തിൽ ഈദ് നമസ്കാരത്തിൽ പങ്കെടുത്തു.

ലക്ഷദ്വീപിൽ ഇന്ന് കവരത്തി, മിനിക്കോയ് എന്നീ ദ്വീപുകളിൽ ചെറിയ പെരുന്നാൾ ആഘോഷിച്ചു. രാവിലെ കവരത്തി ജുമാ മസ്ജിദിൽ പെരുന്നാൾ നിസ്ക്കാരത്തിന് ഖത്തീബ് മുഹമ്മദ് സഖാഫി നേതൃത്വം നൽകി. മറ്റ് ദ്വീപുകളിൽ മാസപിറവി ദൃശ്യമാവാത്തതിനാൽ നാളെയാണ് ചെറിയ പെരുന്നാൾ.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും, പ്രധാനമന്ത്രി നരേന്ദ്രമോദിയും ജനങ്ങൾക്ക് ഈദുൽ ഫിത്വർ ആശംസകൾ നേർന്നു.

സമൂഹത്തിൽ പ്രത്യാശയുടെയും ഐക്യത്തിന്റെയും ദയയുടെയും മനോഭാവം വർദ്ധിപ്പിക്കാൻ ഈദുൽ ഫിത്വറിന് കഴിയട്ടെയെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഈദുൽ ഫിത്വർ ആഘോഷിക്കുന്ന എല്ലാവരുടെയും ശ്രമങ്ങളിൽ വിജയവും സന്തോഷവും ഉണ്ടാകട്ടെയെന്നും നരേന്ദ്രമോദി ആശംസിച്ചു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിന് വൈകിട്ട് മുംബൈയിലെത്തും. നാളെ റിസർവ് ബാങ്കിന്റെ 90-ാം വാർഷികാഘോഷ സമാപന ചടങ്ങിൽ ദ്രൗപതി മുർമു പങ്കെടുക്കും.

✪✪✪

സേവന പാരമ്പര്യത്തെ സംരക്ഷിക്കുന്നതിൽ ശ്രീരാമകൃഷ്ണമിഷൻ വലിയ പങ്കു വഹിച്ചിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി JP നദ്ദ അഭിപ്രായപ്പെട്ടു. തിരുവനന്തപുരം

ശ്രീശാരദാമഠം നഴ്സിംഗ് കോളജ് ഉദ്ഘാടന ചടങ്ങിന് നൽകിയ വീഡിയോ സന്ദേശത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തിരുവനന്തപുരത്ത് രാമകൃഷ്ണമിഷന്റെ ശ്രീശാരദാമഠം നഴ്സിംഗ് കോളജ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ലോകത്തെ ആശുപത്രികൾ മലയാളി നഴ്സുമാരെയാണ് തേടുന്നതെന്ന് അദ്ദേഹം പറഞ്ഞു. നഴ്സുമാർക്കായി സംസ്ഥാന ഗവൺമെന്റ് ശ്രദ്ധേയ ഇടപെടലുകളാണ് നടത്തുന്നത്. ശ്രീരാമകൃഷ്ണമിഷൻ സേവനമൂല്യങ്ങൾ പകരുന്ന പ്രസ്ഥാനമാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

കേന്ദ്ര- സംസ്ഥാന ബജറ്റുകളിൽ പ്രഖ്യാപിച്ച നിരക്കു വർദ്ധനകളും ഇളവുകളും നാളെ പ്രാബല്യത്തിൽ വരും. ഈ സാമ്പത്തിക വർഷം അടച്ചുതീർക്കേണ്ട നികുതികളും, ഫീസുകളും ഓൺലൈനായി ഇന്നും അടയ്ക്കാം.

15 വർഷം കഴിഞ്ഞ ഇരുചക്ര വാഹനങ്ങൾക്കും, സ്വകാര്യ മുചക്ര വാഹനങ്ങൾക്കും നാളെ മുതൽ റോഡ് നികുതി ഈടാക്കും. ഭൂനികുതിയിൽ നാളെ മുതൽ സ്ലാബ് അടിസ്ഥാനത്തിൽ വർദ്ധന നിലവിൽ വരും. 23 ഇനം കോടതി ഫീസുകളും നാളെ മുതൽ വർദ്ധിക്കും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)........

സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ ക്ഷാമബത്തയിൽ മൂന്ന് ശതമാനവും, ദിവസ വേതന, കരാർ ജീവനക്കാരുടെ വേതനത്തിൽ അഞ്ച് ശതമാനവും നാളെ മുതൽ വർദ്ധനയുണ്ടാകും. ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പയിൽ രണ്ട് ശതമാനം പലിശയിളവ് ലഭിക്കും.

ഒരു ജില്ലയിൽ മൊബൈൽ സേവനം 24 മണിക്കൂറെങ്കിലും മുടങ്ങിയാൽ പരാതി രജിസ്റ്റർ ചെയ്യുന്ന ഉപയോക്താക്കൾക്ക് ട്രായ് നിർദ്ദേശപ്രകാരം നഷ്ടപരിഹാരം ലഭിക്കുന്ന തീരുമാനം നാളെ പ്രാബല്യത്തിൽ വരും. ഒരു ജില്ലയിലോ സംസ്ഥാനത്തോ നാലു മണിക്കൂറെങ്കിലും സേവന തടസ്സമുണ്ടായാൽ കമ്പനി ഇക്കാര്യം ട്രായിയെ 24 മണിക്കൂറിനകം അറിയിക്കണം.

പുതുക്കിയ ആദായനികുതി ഒഴിവിന്റെ വാർഷിക വരുമാന പരിധി പുതിയ സാമ്പത്തിക വർഷത്തിൽ ഏഴ് ലക്ഷം രൂപയിൽ നിന്ന് 12 ലക്ഷമാകും. ഒരു കോടി ആളുകൾക്ക് നികുതി ബാധ്യത ഒഴിവാകും.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ മിനിമം ദിവസവേതനം സംസ്ഥാനത്ത് നാളെ മുതൽ 369 രൂപയായി വർദ്ധിക്കും. നിലവിൽ ഇത് 346 രൂപയാണ്. കേന്ദ്രഗവൺമെന്റ് ജീവനക്കാർക്ക് പുതിയ യൂണിഫൈഡ് പെൻഷൻ സ്കീം നാളെ നിലവിൽ വരും. നിലവിലെ കേന്ദ്രജീവനക്കാർക്ക് ഇതിലേക്ക് മാറണമെങ്കിൽ ജൂൺ 30 ന് മുൻപ് ഓപ്ഷൻ നൽകണം. നാളെ കേന്ദ്രസർവീസിൽ പ്രവേശിക്കുന്നവർ 30 ദിവസത്തിനകം യൂണിഫൈഡ് പെൻഷൻ സ്കീമിനായി ഓപ്ഷൻ നൽകണം.

✪✪✪

ലഹരി വസ്തുക്കളുടെ വിൽപന, ഉപയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് സുരക്ഷിതമായി ഗവൺമെന്റിനെ അറിയിക്കാൻ സഹായിക്കുന്ന വെബ് പോർട്ടൽ സജ്ജീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. യുവജനങ്ങളിലെ ലഹരി ഉപയോഗവും, വർദ്ധിച്ചുവരുന്ന അക്രമവാസനയും സൂക്ഷ്മമായി നിരീക്ഷിക്കാൻ വിദഗ്ധരടങ്ങിയ THINK TANK രൂപീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

50 ദിവസമായി രാപകൽ സമരം ചെയ്യുന്ന സംസ്ഥാനത്തെ ആശാ പ്രവർത്തകർ സമരത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിന് മുന്നിൽ മുടി മുറിച്ച് പ്രതിഷേധിച്ചു. മുറിച്ച മുടിയുമായി അവർ നഗരത്തിൽ പ്രകടനവും നടത്തി. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ആശാ പ്രവർത്തകർ മുടി മുറിച്ചു. സെക്രട്ടേറിയറ്റിനു മുന്നിലെ അനിശ്ചിതകാല നിരാഹാര സമരം 12 -ാം ദിവസത്തിലേക്ക് കടന്നു.

BJP മുൻ സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ സമരപന്തൽ സന്ദർശിച്ച് മുടിമുറിക്കൽ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. സമരത്തിന് പിന്തുണയുമായി വൈദികരും സമരപ്പന്തലിൽ എത്തിയിരുന്നു.

✪✪✪

ഛത്തീസ്ഗഡിലെ ദന്തേവാഡയിൽ സുരക്ഷാ സേനയുമായി ഏറ്റുമുട്ടി മാവോയിസ്റ്റ് പ്രവർത്തക കൊല്ലപ്പെട്ടു. വനമേഖലയിൽ സുരക്ഷാസേനയുടെ പരിശോധനയ്ക്കി ടെയാണ് ഏറ്റുമുട്ടലുണ്ടായത്. സംഭവസ്ഥലത്തു നിന്നും ഒരു റൈഫിളും സ്ഫോടക വസ്തുക്കളും കണ്ടെടുത്തു. മാവോയിസ്റ്റുകൾക്കായി സുരക്ഷാ സേനയുടെ തിരച്ചിൽ തുടരുകയാണ്.

✪✪✪

അലഹബാദ് ഹൈക്കോടതി 582 ജുഡീഷ്യൽ ഓഫീസർമാരെ സ്ഥലം മാറ്റി. 236 അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജിമാർ, 207 സീനിയർ സിവിൽ

ജഡ്ജിമാർ, 139 ജൂനിയർ ഡിവിഷൻ ജഡ്ജിമാർ എന്നിവരെയാണ് സ്ഥലം മാറ്റിയത്. എല്ലാ ജഡ്ജിമാരോടും ജോലിയിൽ പ്രവേശിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

ഇടുക്കിയും, വയനാടും ഒഴികെ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്നും ഉയർന്ന താപനില മുന്നറിയിപ്പ് നൽകി. പാലക്കാട് ജില്ലയിൽ 39 ഡിഗ്രി വരെയും, തൃശൂർ ജില്ലയിൽ 38 ഡിഗ്രി വരെയും, കൊല്ലം, കോഴിക്കോട് ജില്ലകളിൽ 37 ഡിഗ്രി വരെയും താപനില ഉയർന്നേക്കും. ചിലയിടങ്ങളിൽ ഇന്ന് ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

ക്ഷയരോഗ നിവാരണ നൂറുദിന കർമ പദ്ധതിയുടെ ഭാഗമായി ഇടുക്കിയിൽ വഴിയോരങ്ങളിൽ അന്തിയുറങ്ങുന്നവരെ പരിശോധനയ്ക്കു വിധേയരാക്കി ആരോഗ്യവകുപ്പ്. സംസ്ഥാനത്ത് ആദ്യമായി ഇടുക്കിയിലാണ് ഇത്തരമൊരു പരിശോധനയ്ക്ക് തുടക്കമിടുന്നതെന്ന് അധികൃതർ അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ.

.....(വോയ്സ്)..............

✪✪✪

കൊടുങ്ങല്ലൂർ ഭരണി മഹോത്സവത്തിന്റെ ഭാഗമായ അശ്വതി കാവ് തീണ്ടൽ ഇന്ന്. പുലർച്ചെ ചടങ്ങുകൾ ആരംഭിച്ചു. ഉച്ചപൂജകൾ പൂർത്തിയാക്കി 12 ഓടെ വടക്കെ നടയടച്ച് അടികൾമാർ പുറത്തിറങ്ങി. വലിയതമ്പുരാൻ അനുമതി നൽകിയ ശേഷം വൈകിട്ടാണ് പ്രശസ്തമായ അശ്വതി കാവുതീണ്ടൽ.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

ഇന്ത്യൻ ക്രിക്കറ്റ് ടീം ഈ വർഷം വീണ്ടും ഓസ്ട്രേലിയൻ പര്യടനം നടത്തും. മൂന്ന് ഏകദിനവും, അഞ്ച് ട്വന്റി-20 മത്സരങ്ങളും കളിക്കുന്നതിന് ഒക്ടോബർ, നവംബർ മാസങ്ങളിലാണ് ടീം ഓസ്ട്രേലിയയിലെത്തുക.

✪✪✪

സംസ്ഥാന ജവഹർ ബാലഭവന്റെ ഏപ്രിൽ, മെയ് മാസങ്ങളിലെ അവധിക്കാല ക്ലാസുകളിലേക്ക് നാളെ വൈകിട്ട് പ്രവേശനോത്സവം നടത്തും. തിരുവനന്തപുരത്ത് മന്ത്രി GR അനിൽ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യും.

✪✪✪

ഈ വർഷത്തെ കടമ്മനിട്ട രാമകൃഷ്ണൻ പുരസ്കാരം ഡോ.M.ലീലാവതിക്ക് എറണാകുളത്തെ വീട്ടിലെത്തി ഫൗണ്ടേഷൻ ചെയർമാൻ M A ബേബി സമ്മാനിച്ചു. മന്ത്രി P രാജീവും ചടങ്ങിൽ പങ്കെടുത്തു. 55,555 രൂപയും പ്രശസ്തിപത്രവും ഫലകവുമടങ്ങുന്നതാണ് പുരസ്കാരം. കടമ്മനിട്ട രാമകൃഷ്ണന്റെ പതിനേഴാമത് ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി രാവിലെ കടമ്മനിട്ടയിലെ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ചനയും അനുസ്മരണ പരിപാടികളും സംഘടിപ്പിച്ചു.

✪✪✪

സ്വർണ വില വീണ്ടും വർദ്ധിച്ചു. പവന് 520 രൂപ ഉയർന്ന് 67,400 രൂപയായി. ഗ്രാമിന് 8,425 രൂപയാണ് ഇന്നത്തെ വില.

✪✪✪

56-ാമത് C.I.S.F സ്ഥാപക ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന സൈക്ലത്തോൺ റാലി ഇന്ന് കന്യാകുമാരിയിൽ സമാപിക്കും. തിരുവനന്തപുരം തുമ്പ വിക്രം സാരാഭായി സ്പേസ് സെന്ററിൽ സൈക്ലത്തോണിന് സ്വീകരണം നൽകും.

✪✪✪

അഞ്ചു ദിവസത്തെ ഭരത് മുരളി നാടകോത്സവം ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും. വൈകിട്ട് പാളയം സെനറ്റ് ഹാളിൽ മന്ത്രി G R അനിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും. നാടക പ്രവർത്തകനും, അധ്യാപകനുമായ പ്രൊഫ. അലിയാർ, ഭരത് മുരളി അനുസ്മരണ പ്രഭാഷണം നടത്തും.

✪✪✪

---

*News Editor : വികെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*News Team: ശ്രീജി*
*DEO: ഷീബ*